(സി) ഈ സർക്കാർ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പ്രവർത്തനവും സംസ്ഥാനത്തിന്റെ കെട്ടിക്കിടക്കുന്ന കേസുകളും സംബന്ധിച്ച് ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴായിരുന്നുവെന്ന് വിശദമാക്കാമോ ;

(ഡി) അഡ്വക്കേറ്റ് ജനറൽ ഓഫീസിനെക്കുറിച്ചുള്ള ഹൈക്കോടതിയുടെ നിരീക്ഷണങ്ങളും വിലയിരുത്തപ്പെടുകയുണ്ടായോ; വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ കേസുകൾ കൈകാര്യം ചെയ്യുന്ന ഭരണഘടനാ സംവിധാനമായ അഡ്വക്കേറ്റ് ജനറൽ ആഫീസ് കുറ്റമറ്റരീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

(സി) അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ പ്രവർത്തനവും കെട്ടിക്കിടക്കുന്ന കേസുകളും സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തുന്നത് അഡ്വക്കേറ്റ് ജനറലാണ്. അദ്ദേഹം എല്ലാ കാര്യങ്ങളും വിലയിരുത്തി ഉചിതമായ രീതിയിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അഡ്വക്കേറ്റ് ജനറൽ ആഫീസിനെക്കുറിച്ചുള്ള ഹൈക്കോടതി നിരീക്ഷണങ്ങൾ വിലയിരുത്തി അഡ്വക്കേറ്റ് ജനറൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശുഭയാത്ര 2015 പദ്ധതി

17 (*17) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ശുഭയാത്ര 2015 പദ്ധതി ' നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാധ്യമാക്കുക, പൊതുജനങ്ങൾക്ക് സുരക്ഷിതയാത്ര സംബന്ധിച്ച് ട്രാഫിക് അവബോധം നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് 'ശുഭയാത്ര' പദ്ധതിക്കുള്ളത്. ഈ പദ്ധതിവഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E' കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(സി) 4-6-2015-ലെ സ.ഉ.(ആർ.റ്റി.) 1368/2015/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ശുഭയാത്ര പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി റോഡ് സേഫ്റ്റി കമ്മീഷണർ 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി 6 കോടി രൂപ കൂടി അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ചുവരുന്നു. ട്രാഫിക് ബോധവൽക്കരണത്തിന്റെ ഭാഗമായി 30 സ്കൂളുകളിൽ ശ്രീ. ഗോപിനാഥ് മുതുകാട് രൂപകൽപ്പന ചെയ്ത 'Traffic through Magic' എന്ന മാജിക് പരിപാടി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സംസ്ഥാന സംരംഭക മിഷൻ

18 (*18) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംരംഭക വികസന മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?